Draft #2 of File 121663/AD A4-3/2021/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 21-Oct-2021 08:29 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം - സർവ്വകലാശാലയിലെ ഐ. റ്റി. വിഭാഗത്തിലെ കരാർ ജീവനക്കാരുടെ വർക്ക് റിപ്പോർട്ട് - കൺട്രോളിങ് ഓഫീസർമാരെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 5510/AD A 4/2021/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 4995/AD A 4/2021/എം.ജി.യു, തീയതി : 25.09.2021.

2. ബഹു. വൈസ് ചാൻസലറുടെ 20.10.2021 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സോഫ്റ്റ്‌വെയർ ഡെവലപ്പർ, സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ, ഹാർഡ്‌വെയർ എഞ്ചിനീയർ, സീനിയർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് എഞ്ചിനീയർ, സിസ്റ്റം അനലിസ്റ്റ് തുടങ്ങിയ തസ്തികകളിലേക്ക് സർവ്വകലാശാല ഐ. റ്റി. വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുമ്പോൾ ടിയാളുകൾ സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ ഒരു മാസ കാലയളവ് നിരീക്ഷണ കാലയളവായി കണക്കാക്കികൊണ്ടും, ടിയാളുകളുടെ ടി തസ്തികയിലെ കരാർ അടിസ്ഥാനത്തിലുള്ള സേവനം തുടരുന്നത് പ്രസ്തുത നിരീക്ഷണ കാലയളവിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കൺട്രോളിംഗ് ഓഫീസർ രജിസ്ട്രാർക്ക് സമർപ്പിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആക്കികൊണ്ടും , ഓരോ മൂന്നുമാസം കൂടുമ്പോൾ ടി ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ബഹു പ്രൊ വൈസ് ചാൻസലർ അധ്യക്ഷനായ ഒരു സമിതി രൂപീകരിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

സോഫ്റ്റ്‌വെയർ ഡെവലപ്പർ, സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ, ഹാർഡ്‌വെയർ എഞ്ചിനീയർ, സീനിയർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് എഞ്ചിനീയർ എന്നീ തസ്തികകളിൽ സേവനം ചെയ്യുന്നവരുടെ തൊഴിൽ നൈപുണ്യത്തെ സംബന്ധിച്ച പരാമർശിക്കുന്ന ശുപാർശകൾ ഉൾപ്പെടുന്ന വർക്ക് റിപ്പോർട്ട് CETEX വിഭാഗത്തിന്റേത് ഡി. ആർ. 5 (പരീക്ഷ) ഉം CITAD വിഭാഗത്തിന്റേത് എ. ആർ. 5 (ഭ.വി) ഉം എഡി എ 4 സെക്ഷൻ വഴി രജിസ്ട്രാർ മുമ്പാകെ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണെന്നും , ആയത് എല്ലാ തിങ്കളാഴ്ചയും ചേരുന്ന ഐ. റ്റി. കമ്മിറ്റിയിലേക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനം എടുക്കേണ്ടതാണെന്നും നയപരമായ തീരുമാനം ആവശ്യമുള്ളവ സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കേണ്ടതാണെന്നും പരാമർശം (2) പ്രകാരം ബഹു വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പി എസ് മാർ
2. രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. സിൻഡിക്കേറ്റ് സ്റ്റാഫ് കമ്മിറ്റി കൺവീനർ.
4. എ ആർ I / ഡി ആർ I / ജെ ആർ I (ഭരണ വിഭാഗം)
5. ഡി. ആർ. 5 (പരീക്ഷ) / എ. ആർ. 5 (ഭ.വി)
6. സി. എം. എസ് / ഐ.ക്യൂ.എ.സി
7. CITAD / CETEX / Director IT CELL
8. റെക്കോർഡ്സ് / ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 121663/AD A4-3/2021/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 21-Oct-2021 08:29 AM - Page 2